**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** **08-10-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി വകുപ്പിലെ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി വകുപ്പിൽ 2017- ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ചുള്ള സ്ഥലംമാറ്റ നടപടികൾ ഈ വർഷം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതി നിർദേശം നിലവിലുണ്ടോ; ഇതിലേയ്ക്കായി ഓൺലൈൻ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ശ്രീമതി. ബിജി. പി. എം. ഉം മറ്റൊരാളും ചേർന്ന് വകുപ്പിലെ, 2024 ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No. 875/2024 ഫയൽ ചെയ്യുകയുണ്ടായി. ടി ഒറിജിനൽ ആപ്ലിക്കേഷൻ പരിഗണിച്ച്, വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങൾ 25.02.2017-ലെ സ.ഉ.(പി)നം.3/2017/ഉഭപവ-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു electronic data base തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി നടപ്പിലാക്കണമെന്ന നിർദ്ദേശിച്ചും ആയതു നടപ്പിലാക്കുന്നതുവരെ വകുപ്പിലെ പൊതുസ്ഥലംമാറ്റം stay ചെയ്തുകൊണ്ടും ബഹു. ട്രിബ്യൂണൽ 13.06.2024 ൽ ഒരു ഇടക്കാല ഉത്തരവു പുറപ്പെടുവിച്ചിരുന്നു. 03.09 2024-ൽ ബഹ ട്രിബ്യൂണൽ ടി stay ഉത്തരവ് രണ്ടു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്.<br><br>വകുപ്പിലെ പ്രധാനപ്പെട്ട വിഭാഗമായ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിങ്ങിനെ സംബന്ധിച്ച് search, inspection, investigation തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇവ സാധാരണ സർക്കാർ ഓഫീസുകളുടെ ജോലി സ്വഭാവങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. ആയതിനാൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് പോലുള്ള വിഭാഗങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിൽ സീനിയോറിറ്റി, സേവനകാലയളവ് എന്നിവയ്ക്കുപരിയായി ആ പോസ്റ്റിലേക്കുള്ള അനുയോജ്യത, പ്രത്യേകമായ പ്രാവീണ്യം, ഭരണപരമായ സൗകര്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് ജീവനക്കാരെ നിയമിച്ചുവരുന്നത്. ആയതിനാൽ വകുപ്പിന്റെ പുനഃസംഘടനയ്ക്ക് ശേഷം, വകുപ്പിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വകുപ്പിലെ sensitive പോസ്റ്റുകളിലും non-sensitive |

<table>
<tr><td></td><td></td><td></td><td>പോസ്റ്റുകളിലും ആവശ്യമായ rotation അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ട്രാൻസ്ഫർ പോളിസി രൂപികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുനഃസംഘടനയ്ക്ക് ശേഷമുള്ള ഓൺലൈൻ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.</td></tr>
<tr><td>(ബി)</td><td>2024 ഓഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി ഉണ്ട്; തരംതിരിച്ച കണക്ക് ലഭ്യമാക്കാമോ?</td><td>(ബി)</td><td>ഒഴിവുകളുടെ തരംതിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>തസ്തിക</th><th>ഒഴിവ്</th></tr>
<tr><td>ജോയിന്റ് കമ്മീഷണർ</td><td>2</td></tr>
<tr><td>ഡെപ്യൂട്ടി കമ്മീഷണർ</td><td>30</td></tr>
<tr><td>സ്റ്റേറ്റ് ടാക്സ് ഓഫീസർ</td><td>37</td></tr>
<tr><td>അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ</td><td>38</td></tr>
<tr><td>സീനിയർ ടാക്സ് അസിസ്റ്റന്റ്</td><td>8</td></tr>
<tr><td>ക്ലറിക്കൽ അസിസ്റ്റന്റ്</td><td>8</td></tr>
<tr><td>ആകെ</td><td>123</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ